DESPATCHED
On..13.5.2020
30/01/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2332588, ഫാക്സ്: 0471 2561603
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.2460(4)/2017**/*എസ്.ഐ.സി.*

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.15357/*എസ്.ഐ.സി-ജി 2/2017*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.സജുകുമാർ,
ശിരസ്തദാർ,
ഫാമിലി കോടതി, തിരുവല്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡി.വൈ.എസ്.പി ഭരണ വിഭാഗം,
   ജില്ലാ പോലീസ് ഓഫീസ്,
   പത്തനംതിട്ട.

2. അപ്പീൽ അധികാരി &
   ജില്ലാ പോലീസ് മേധാവി,
   ജില്ലാ പോലീസ് ഓഫീസ്,
   പത്തനംതിട്ട.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.09.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.11.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.11.2017 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.12.2017 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12.12.2017 |

## ഉത്തരവ്

തിരുവല്ല കുടുംബകോടതിയിലെ പോലീസ് സഹായം സംബന്ധിച്ച ചില വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ല എന്നതാണ് അപ്പീലിന് ആധാരമായ വിഷയം.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 15.12.2018 ൽ പത്തനംതിട്ട കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3. തിരുവല്ല കുടുംബകോടതിയിൽ ഏതു തീയതി മുതൽക്കാണ് പോലീസ് സഹായം നൽകി തുടങ്ങിയത് എന്ന ഒന്നാം ചോദ്യത്തിനു നൽകിയ മറുപടി ശരിയല്ലെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. രണ്ടും മൂന്നും ചോദ്യങ്ങളുടെ മറുപടി തൃപ്തികരമല്ലെന്നും ടിയാൻ പറഞ്ഞു.

4. തിരുവല്ല കുടുംബകോടതിയിലെ പോലീസ് സഹായം സംബന്ധിച്ച വിവരങ്ങൾ തേടിയുള്ള അപേക്ഷ ആയതിനാൽ, ടി വിവരം ലഭിക്കുന്നതിന് തിരുവല്ല ഡി.വൈ.എസ്.പി ക്ക് അയച്ചുകൊടുത്തിട്ടുള്ളതും, തിരുവല്ല ഡി.വൈ.എസ്.പി. ലഭ്യമാക്കിയ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി എസ്.പി.ഐ.ഒ 25.10.2017 ൽ മറുപടി നൽകിയതാണെന്നും, പിന്നീട് ഒന്നാം അപ്പീലിന്മേൽ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി രേഖാമൂലം നൽകിയ മൊഴിയിൽ പറഞ്ഞു.

5. കുടുംബകോടതി ജഡ്ജിയുടെ ഉത്തരവിൻ പ്രകാരം ശിരസ്തദാർ എന്നു കാണിച്ചാണ് വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളതെന്നും, ഇത് വിവരാവകാശ നിയമം അനുശാസിക്കുന്ന 'പൗരൻ' എന്ന ഗണത്തിൽപ്പെടുന്നതല്ലെന്നും, എന്നിരുന്നാലും, വിവരാവകാശ നിയമത്തിന്റെ ഉത്തമ താൽപ്പര്യം മുൻനിർത്തി, ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, ടി

അപേക്ഷയിന്മേൽ വിവരം നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

6. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഒന്നാം എതിർകക്ഷി വാദിക്കുന്നതു പോലെ ശിരസ്തദാർ എന്ന പേരിൽ വിവരാവകാശ അപേക്ഷ നൽകാൻ വിവരാവകാശ നിയമം അനുവദിക്കുന്നില്ല. ഇന്ത്യൻ പൗരൻ എന്ന നിലയിൽ വരുന്നതല്ല ശിരസ്തദാർ എന്നത്. അതൊരു ഉദ്യോഗപ്പേർ മാത്രമാണ്. അതുകൊണ്ട് ഈ അപേക്ഷ പരിഗണിക്കേണ്ട ആവശ്യം തന്നെ ഉണ്ടായിരുന്നില്ല. എന്നാലും ലഭ്യമായ വിവരങ്ങൾ നൽകാൻ ഒന്നാം എതിർകക്ഷി തയ്യാറായി എന്നത് നല്ല കാര്യം തന്നെയാണ്.

7. അപ്പീൽ ഹർജിക്കാരന്റെ വാദത്തിൽ നിന്നു കമ്മീഷൻ മനസ്സിലാക്കുന്നത് തിരുവല്ല കുടുംബകോടതിയിൽ സംഘർഷ സാധ്യത നിലനിൽക്കുന്നതുകൊണ്ട് അവിടെ പോലീസിനെ സ്ഥിരം ഡ്യൂട്ടിക്ക് നിയോഗിക്കണമെന്നതാണ്. ഇതിന് നിർദേശം നൽകാൻ കമ്മീഷന് നിയമപരമായി അധികാരമൊന്നുമില്ല. എന്നാൽപ്പോലും ഈ ആവശ്യത്തിൽ വിശാലമായ പൊതുതാൽപ്പര്യം അടങ്ങിയിട്ടുള്ളതായി കമ്മീഷൻ കരുതുന്നു.

8. ആയതുകൊണ്ട്, ഇങ്ങനെ തിരുവല്ല കുടുംബകോടതിയിൽ സ്ഥിരമായി പോലീസ് ഡ്യൂട്ടി ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം ഒന്നും രണ്ടും എതിർകക്ഷികൾ പരിശോധിക്കുകയും, വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ആശാസ്യമായിരിക്കും എന്ന് കമ്മീഷൻ അഭിപ്രായപ്പെടുന്നു. അപ്പീൽ ഹർജിക്കാരന്റെ മറ്റു വാദങ്ങളുടെ ന്യായാന്യായങ്ങളിലേക്ക് കമ്മീഷൻ കടക്കുന്നില്ല.

9. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 30.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re